ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. മഹിളാശക്തിയിലൂടെ ഛത്തീസ്ഗഡ് രാജ്യത്തിനാകെ മാതൃകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. 25-ാം വാർഷികം ആഘോഷിക്കുന്ന ഛത്തീസ്ഗഡ് നിയമസഭയെ രാഷ്ട്രപതി അഭിസംബോധന ചെയ്യു.

**President Draupadi Murmu said that Chhattisgarh is a role model for the entire country through Mahila Shakti. The President also addressed the Chhattisgarh Legislative Assembly, which is celebrating its 25th anniversary.**

2. കർണാടകയിലെ ന്യൂനപക്ഷ സംവരണ വിഷയത്തിൽ ബി ജെ പി എംപിമാരുടെ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു.

**Both the Houses of Parliament today witnessed ruckus by BJP MPs over the issue of reservation to a particular minority group in public contracts in Karnataka.**

3. ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്.

**The opposition walked out from Kerala Assembly in protest against the Speaker's denial of permission for the debate on various issues in the health sector.**

4. മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖറിനെ ബി ജെ പി സംസ്ഥാന അധ്യക്ഷനായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. പ്രഖ്യാപനം തിരുവനന്തപുരത്ത് ചേർന്ന ബി ജെ പി സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ.

**Former Union Minister of State Rajeev Chandrasekhar has been formally announced as the BJP state president. The announcement was made at the BJP state delegation meeting held in Thiruvananthapuram.**

5. ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗം തുടച്ചു നീക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ.

**Today is World Tuberculosis Day. Union Health Minister J P Nadda said that the government is committed to eradicating tuberculosis.**

&&&&&&&&&&&&&&&&&&&&

## HEADLINE-1

**PRESIDENT VISIT (INTRO)**

*മഹിളാശക്തിയിലൂടെ ഛത്തീസ്ഗഡ് രാജ്യത്തിനാകെ മാതൃകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഛത്തീസ്ഗഡ് നിയമസഭയുടെ 25-ാം വാർഷികത്തോടനുബന്ധിച്ച് സഭയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.*

*(ഹോൾഡ് വോയ്സ്.....)*

*പരിസ്ഥിതിയ്ക്കും വികസനത്തിനും തുല്ല്യ പ്രാധാന്യം നൽകി വേണം ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതെന്നും രാഷ്ട്രപതി പറഞ്ഞു. ഒഡീഷയിലെ നയാഗഡിൽ നടക്കുന്ന ഭാരതീയ ബിശ്വബസു ഷബർ സമാജിൻറെ സ്ഥാപക ദിന ചടങ്ങിലും ശ്രീമതി മുർമു ഇന്ന് പങ്കെടുക്കും.*

&&&&&&&&&&&&&&&&&&&&

## HEADLINE-2

## PARLIAMENT

കർണാടകയിലെ സർക്കാർ കരാറുകളിലെ ന്യൂനപക്ഷ സംവരണ വിഷയത്തിൽ ബി ജെ പി എംപിമാരുടെ പ്രതിഷേധത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ തടസ്സപ്പെട്ടു. ഉത്തർപ്രദേശിലെ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ ലോക്സഭയിൽ സമാജ് വാദി പാർട്ടി എം പിമാർ പോസ്റ്ററുകളുമായി ബഹളം വെച്ചതിൽ സ്പീകർ ഓം ബിർള അതൃപ്തി പ്രകടിപ്പിച്ചു. ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 2 മണി വരെ നിർത്തിവെച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&&&

## RS-MEETING

ഡൽഹി ഹൈക്കോടതി ജഡ്ജിയുടെ വസതിയിൽ നിന്ന് അനധികൃതമായി കണ്ടെത്തിയ പണം തിരിച്ചു പിടിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ സഭാനേതാവ് ജെ പി നഡ്ഡ ,പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ എന്നിവരുമായി ചർച്ച ചെയ്യും. രാജ്യസഭയിൽ കോൺഗ്രസ് നേതാവ് ജയറാം രമേശ് വിഷയം ഉന്നയിച്ച സാഹചര്യത്തിലാണ് കൂടിക്കാഴ്ച.

&&&&&&&&&&&&&&&&&&&&

## TB DAY

ഇന്ന് ലോക ക്ഷയരോഗ ദിനം.1882-ൽ ഡോ. റോബർട്ട് കോച്ച്, TB ബാക്ടീരിയ കണ്ടെത്തിയതിൻറെ സ്മരണയിലാണ് ദിനാചരണം. " അതെ, ക്ഷയരോഗം തുടച്ചു നീക്കാം : പ്രതിജ്ഞാബദ്ധരാകുക, പ്രയത്നിക്കുക, നടപ്പാക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം. ക്ഷയരോഗമുക്ത ഇന്ത്യക്കായി കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ദിനാചരണ സന്ദേശത്തിൽ പറഞ്ഞു. ക്ഷയരോഗം നിർമാർജനം ചെയ്യുന്നതിന് ഏകീകൃതവും സമഗ്രവുമായ ആഗോള ശ്രമം ആവശ്യമാണെന്നും രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEADLINE-5

## NADDA – TB DAY

ക്ഷയരോഗത്തെ തുടച്ചു നീക്കാനും പാവപ്പെട്ടവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള പ്രതിബദ്ധത ലോക ക്ഷയരോഗ ദിനത്തിൽ ആവർത്തിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. രോഗ പ്രതിരോധത്തിനായി സർക്കാർ സ്വീകരിച്ച നടപടികളും അദ്ദേഹം സമൂഹമാധ്യമത്തിൽ പങ്കുവെച്ചു. ക്ഷയ രോഗികൾക്ക് നൽകുന്ന സാമ്പത്തിക സഹായം 500 രൂപയിൽ നിന്നും ആയിരം രൂപയായി വർദ്ധിപ്പിച്ചതായും കേന്ദ്ര ആരോഗ്യ മന്ത്രി അറിയിച്ചു. ക്ഷയരോഗ ദിനാചരണത്തോട് അനുബന്ധിച്ച് കേരളത്തിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## DR. VINEETHA NAIR (INTRO)

*ക്ഷയരോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ ഉടൻ ചികിത്സ തേടുകയാണ് പ്രധാനം. പരിഭ്രാന്തിയല്ല അവബോധം തന്നെയാണ് ടി ബിയെ ചെറുക്കുന്നതിനുള്ള മാർഗമെന്ന് കൊല്ലം ജില്ലാ ആശുപത്രിയിലെ പൾമിനോളജിസ്റ്റ് ഡോ വിനീതാ നായർ ആകാശവാണി വാർത്തകളോട് പറഞ്ഞു.*

*(ഹോൾഡ് വോയ്സ്........)*

&&&&&&&&&&&&&&&&&&&&

## HEADLINE-4

## RAJEEV CHANDRASEKHAR

മുൻ കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖറെ ബി ജെ പി സംസ്ഥാന അധ്യക്ഷനായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇന്ന് തിരുവനന്തപുരത്ത് ചേർന്ന ബി ജെ പി സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ കേന്ദ്ര നിരീക്ഷകൻ പ്രൾഹാദ് ജോഷിയാണ് ഔദ്യോഗിക പ്രഖ്യാപനം നടത്തിയത്. ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന കോർ കമ്മിറ്റി യോഗത്തിൽ ബി ജെ പി സംസ്ഥാന അധ്യക്ഷനായി രാജീവ് ചന്ദ്രശേഖറെ തിരഞ്ഞെടുത്തിരുന്നു.

&&&&&&&&&&&&&&&&&&&&

## GOVT - MSME

എംഎസ്എംഇകളെ തരം തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ പരിഷ്കാരങ്ങൾ വരുത്തി. 2.5 കോടി രൂപ വരെ നിക്ഷേപമുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഇനി മുതൽ സൂക്ഷ്മ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടും. വിറ്റുവരവ് പരിധി 5 കോടി രൂപയിൽ നിന്ന് 10 കോടി

&&&&&&&&&&&&&&&&&&&&

## DELHI ASSEMBLY

ഡൽഹി നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി. നാളെയാണ് ബജറ്റ് അവതരണം. ഇന്ന് CAG റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കും. ഈ മാസം 26 ന് ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കും. 28 വരെയാണ് സമ്മേളനം.

&&&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

&&&&&&&&&&&&&&&&&&&&

## HEADLINE-3

## KERALA ASSEMBLY

ആരോഗ്യമേഖലയിലെ വിവിധ വിഷയങ്ങളിലെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സാ പിഴവ് മൂലം രോഗി മരിച്ച സംഭവം, സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം എന്നീ വിഷയങ്ങളിൽ പ്രതിപക്ഷത്ത് നിന്ന് പി സി വിഷ്ണുനാഥ് ആണ് നോട്ടീസ് നൽകിയത്. പകർച്ചവ്യാധികൾ തടയുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടെന്നും പ്രതിപക്ഷ നേതാവ് വി ഡി

സതീശൻ ആരോപിച്ചു. ഒറ്റപ്പെട്ട ചില സംഭവങ്ങളെ മുൻ നിർത്തി ആരോഗ്യ മേഖലയെ ഇകഴ്ത്താൻ ശ്രമിക്കുന്നത് നിർഭാഗ്യകരമാണെന്ന് മന്ത്രി എം ബി രാജേഷ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&&&

## .CM (INTRO)

***പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗ ങ്ങൾക്കുമായി സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. വിദേശ രാജ്യത്ത് ജോലിക്ക് പോകുന്നവർക്ക് എംബസ്സി മുഖേന സൗകര്യങ്ങളൊരുക്കുന്ന കാര്യം കേന്ദ്രത്തോട് ഉന്നയിക്കുന്നത് തുടരുമെന്നും അദ്ദേഹം നിയമസഭയിൽ അറിയിച്ചു.***

***(ഹോൾഡ് വോയ്സ്.......)***

&&&&&&&&&&&&&&&&&&&&

## CM MEETING

കേരളത്തിൽ ലഹരി വ്യാപനം തടയുന്നതിനുള്ള പുതിയ പദ്ധതികൾ തീരുമാനിക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയൻറെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഉന്നതതല യോഗം പുരോഗമിക്കുന്നു. നിയമസഭാ ചേമ്പറിലാണ് യോഗം. മന്ത്രിമാരും പൊലീസ് -എക്സൈസ് ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. ലഹരി വ്യാപനത്തിനെതിരെ ഇതുവരെ സ്വീകരിച്ച നടപടികളും യോഗത്തിൽ വിലയിരുത്തും.

&&&&&&&&&&&&&&&&&&&&

## KHELO INDIA PARA GAMES

ന്യൂഡൽഹിയിൽ നടക്കുന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിന്റെ ഭാരോദ്വഹന മത്സരത്തിൽ പഞ്ചാബിൻറെ ജസ്പ്രീത് കൗർ ദേശീയ റെക്കോർഡ് തകർത്തു. 45 കിലോഗ്രാം വിഭാഗത്തിൽ സ്വന്തം ദേശീയ റെക്കോർഡ്

മെച്ചപ്പെടുത്തിയാണ് അവർ സ്വർണ്ണ മെഡൽ നേടിയത്. 54 കിലോഗ്രാം വിഭാഗത്തിൽ മനീഷ് പുതിയ ദേശീയ റെക്കോർഡ് സ്ഥാപിച്ചു.

&&&&&&&&&&&&&&&&&&&&

**IPL**

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് ലക്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. വിശാഖപട്ടണത്ത് രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&

**KABADDI WORLD CUP**

ഇംഗ്ലണ്ടിൽ നടന്ന കബഡി ലോകകപ്പിൽ ഇന്ത്യയുടെ പുരുഷ, വനിതാ ടീമുകൾ കിരീടം നേടി. ഫൈനലിൽ ഇരു ടീമുകളും ഇംഗ്ലണ്ടിനെയാണ് പരാജയപ്പെടുത്തിയത്. 2019- ൽ മലേഷ്യ ആതിഥേയത്വം വഹിച്ച ആദ്യ ലോകകപ്പിലും ഇന്ത്യ പുരുഷ, വനിതാ കിരീടങ്ങൾ സ്വന്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&&&

**SENSEX + GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 505 പോയിന്റ് ഉയർന്നു 77,400 ലും,ദേശീയ ഓഹരി സൂചിക നിഫ്റ്റി 149 പോയിന്റ് നേട്ടത്തിൽ 23,500-ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ കുറവ്. സ്വർണം ഗ്രാമിന് 15 രൂപ കുറഞ്ഞ് 8,215 രൂപയും പവന് 120 രൂപ താഴ്ന്ന് 65,720 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&

**CBI- SUSHANT SINGH DEATH CASE**

ബോളിവുഡ് താരം സുശാന്ത് സിങ് രജ്പുത്തിന്റെ മരണത്തിൽ കേസന്വേഷണം അവസാനിപ്പിച്ച് സിബിഐ. കുടുംബം ആരോപിച്ചത് പോലെ മരണത്തിൽ ദുരൂഹതയില്ലെന്നും അതിനാൽ മുംബൈ പ്രത്യേക കോടതിയിൽ അന്തിമറിപ്പോർട്ട് സമർപ്പിച്ചതായും സി ബി ഐ അറിയിച്ചു. നാല്

വർഷം മുൻപാണ് മുംബൈയിൽ അപ്പാർട്ട്മെന്റിൽ സുശാന്ത് സിങ് രജ്പുത്തിനെ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&&&

**SOORAJ CASE**

കണ്ണൂർ മുഴപ്പിലങ്ങാട് ബിജെപി പ്രവർത്തകൻ സൂരജ് വധക്കേസിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ സിപിഎം പ്രവർത്തകർക്ക് ശിക്ഷവിധിച്ച് കോടതി. 2 മുതൽ 6 വരെ പ്രതികൾക്കും 7 മുതൽ 9 വരെ പ്രതികൾക്കും ജീവപര്യന്തം ശിക്ഷയാണ് തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി വിധിച്ചത്.

&&&&&&&&&&&&&&&&&&&&

**J K HIDEOU+SEARCH OPERATIONS**

ജമ്മുകശ്മീരിലെ പൂഞ്ച് ജില്ലയിൽ ഭീകരരുടെ ഒളിത്താവളം തകർത്ത് സുരക്ഷാ സേന. ഇന്നലെ നടത്തിയ തിരച്ചിലിൽ തോക്കുകളും മറ്റ് ആയുധങ്ങളും കണ്ടെടുത്തു. രാഷ്ട്രീയ റൈഫിൾസ്, പൊലീസിന്റെ പ്രത്യേക സംഘം എന്നിവരുടെ സംയുക്ത തിരച്ചിലിലാണ് ഒളിത്താവളം തകർത്തത്. അതിനിടെ ജമ്മു കാശ്മീരിൽ കത്വ ജില്ലയിലെ സന്യാൽ ഗ്രാമത്തിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടി. ആളപായമില്ല.

&&&&&&&&&&&&&&&&&&&&

**NASHIK-MAHAKUMBH**

2027 ലെ കുംഭമേളയ്ക്കുള്ള വിപുലമായ ഒരുക്കങ്ങളുടെ ഭാഗമായി ഉത്തർപ്രദേശിന്റെ മാതൃകയിൽ ഒരു കുംഭമേള അതോറിറ്റി രൂപീകരിക്കാൻ മഹാരാഷ്ട്ര സർക്കാർ നിയമം കൊണ്ടുവരും. ഇന്നലെ നാസിക്കിൽ നടന്ന യോഗത്തിൽ മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് ഇക്കാര്യം അറിയിച്ചു.

&&&&&&&&&&&&&&&&&&&&

&&&&&&&&&&

&&&&&